# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2251 — 23.03.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മറയൂരിൽ ചന്ദനമര റിസർവ്വ്

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി : | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) മറയൂരിൽ എത്ര ഹെക്ടർ വനഭൂമിയാണ് ചന്ദനമരറിസർവ്വ് ആയിട്ടുള്ളത് ; | (എ) 1460.784 ഹെക്ടർ. |
| (ബി) ഇതിൽ ഇപ്പോൾ എത്ര ചന്ദന മരങ്ങൾ ഉണ്ട്; | (ബി) 2008 ലെ കണക്ക് പ്രകാരം 58414 ചന്ദന മരങ്ങൾ ഉണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മറയൂരിൽ നിന്നും എത്ര ചന്ദന മരങ്ങൾ കളവ് പോയിട്ടുണ്ട്; | (സി) അനധികൃതമായി മുറിച്ചതായി കണ്ടെത്തിയ 46 ചന്ദന മരങ്ങളിൽ 23 എണ്ണം നഷ്ടപ്പെട്ടിട്ടുണ്ട്. |
| (ഡി) 2000 മുതൽ 2006 വരെ ഓരോ കൊല്ലവും മറയൂരിൽ നിന്നും എത്ര ചന്ദന മരങ്ങൾ കളവ് പോയിട്ടുണ്ട്; ഇതിന്റെ മാർക്കറ്റ് വില എന്ത് വരും; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) 2000 മുതൽ 2006 വരെ ഓരോ കൊല്ലവും മറയൂരിൽ നിന്നും അനധികൃതമായി മുറിക്കപ്പെട്ട ചന്ദനമരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു. പ്രസ്തുത കാലയളവിലെ ചന്ദന മരങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട കേസുകളുടെ മഹസർ പരിശോധിച്ചതിൽ 5,68,09,692/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. ചന്ദന കേസുകളിൽ തൊണ്ടിയായി പിടിച്ചെടുക്കുന്ന ചന്ദനതടികൾ മറയൂർ ഗവൺമെന്റ് ചന്ദന ഡിപ്പോയിൽ എത്തിച്ച് ചെത്തി മിനുക്കി ചന്ദന കാതൽ മാത്രമാണ് ലേലത്തിൽ വിൽക്കുന്നത്. ചെത്തി മിനുക്കി എടുക്കുന്ന തടികൾ ഗുണനിലവാരം അനുസരിച്ച് 13 ക്ലാസുകളായി തിരിച്ചാണ് ലേലത്തിൽ വയ്ക്കുന്നത്. നഷ്ടപ്പെട്ട ചന്ദനമരങ്ങളിൽ നിന്നും വിവിധ ക്ലാസുകളിൽപ്പെടുന്ന |

ചന്ദന കാതലിന്റെ അളവ് നിർണ്ണയിക്കാൻ കഴിയുകയില്ല. ആയതിനാൽ നഷ്ടപ്പെട്ട ചന്ദനമരത്തിന്റെ മാർക്കറ്റ് വില കണ്ടു പിടിക്കുകയെന്നത് പ്രായോഗികവുമല്ല.

| വർഷം | അനധികൃതമായി മുറിക്കപ്പെട്ട മരങ്ങളുടെ എണ്ണം |
|---|---|
| 2000 | 97 |
| 2001 | 351 |
| 2002 | 1641 |
| 2003 | 793 |
| 2004 | 2660 |
| 2005 | 2496 |
| 2006 | 109 |

സെക്ഷൻ ഓഫീസർ